പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2006 16.02.2016-ൽ മറുപടിയ്ക്ക്

## ഇ.എം.എസ്.സ്റ്റേഡിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.സുധാകരൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴയിലെ ഇ.എം.എസ് സ്റ്റേഡിയം സ്പോർട്സ് വകുപ്പ്/ കൗൺസിൽ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നഗരസഭയുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | സ്റ്റേഡിയം ഏറ്റെടുക്കുന്നതു സംബന്ധിച്ച് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലും ആലപ്പുഴ മുനിസിപ്പാലിറ്റിയുമായി ചർച്ചകളൊന്നും നടത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി സ്പോർട്സ് വകുപ്പ്/കൗൺസിൽ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (ബി) | ആലപ്പുഴയിലെ ഇ.എം.എസ് സ്റ്റേഡിയത്തിന്റെ നവീകരണപ്രവൃത്തികൾ സംബന്ധിച്ച് കായികവകുപ്പോ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലോ, പുതിയ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. നഗരസഭ സ്റ്റേഡിയം വാടകയുടെ 40% കായികവികസന നിധിയിലേയ്ക്ക് അടയ്ക്കാമെന്ന തീരുമാനം ഔദ്യോഗികമായി സർക്കാരിനെ അറിയിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണപ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം ലഭ്യമാക്കാൻ തയ്യാറാണെന്ന് ധാരണയായിട്ടുണ്ട്. മേൽ തീരുമാനം ലഭ്യമാക്കുന്ന മുറയ്ക്ക് നവീകരണ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകാവുന്നതാണ്. 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലും ആലപ്പുഴ നഗരസഭാ സ്റ്റേഡിയം വികസിപ്പിക്കാൻ തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ